(സി) ഭാഗിക്കമായി ഓഫ്സെറ്റ് അച്ചടി നടത്തുവാൻ പര്യാപ്തമായവ എത്ര എണ്ണമുണ്ട്;

(ഡി) ലെറ്റർ പ്രസ്സ് അച്ചടിക്ക് സാദ്ധ്യമല്ലാതായി കാലഹരണപ്പെട്ട എത്ര മെഷീനുകൾ ഇപ്പോൾ നിലവിലുണ്ട് ;

(ഇ) ലറ്റർ പ്രസ്സ് അച്ചടിക്ക് പര്യാപ്തമായ എത്ര മെഷീനുകൾ ഇപ്പോൾ നിലവിലുണ്ട് ;

(എഫ്) അച്ചടിക്കാൻ മെഷീനുകൾ ഇല്ലാതെ അദർ ഡ്യൂട്ടിയിൽ പ്രിന്റർമാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ അതുവഴി സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടായിട്ടുണ്ടോ ;

(എച്ച്) അച്ചടിക്കാൻ മെഷീനുകൾ ഇല്ലാതെ അധിക ബാദ്ധ്യതയായി വരുന്ന പ്രിന്റർമാർക്ക് ജോലി നൽകുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) പത്ത് പ്രസ്സുകൾ.

(ബി) മൂന്ന്. (ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല, ഗവൺമെന്റ് പ്രസ്സ്, വാഴൂർ, ഗവൺമെന്റ് പ്രസ്സ്, വയനാട്)

(സി) രണ്ട്. (ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം, ഗവൺമെന്റ് പ്രസ്സ്, ഷൊർണ്ണൂർ)

(ഡി) എൺപത്തി ഒന്ന്.

(ഇ) അറുപത്തി അഞ്ച്.

(എഫ്) ഉണ്ട്.

(ജി & എച്ച്) സർക്കാരിന് നഷ്ടം ഉണ്ടാകാതിരിക്കാൻ ഓഫ് സെറ്റ് അച്ചടി യന്ത്രം വാങ്ങിയ ശേഷം ഓഫ്സെന്റ് ഓപ്പറേറ്റർമാരായി നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

**അച്ചടി വകുപ്പിൽ പുതിയതായി വാങ്ങുന്ന മെഷീനുകൾ**

**42 (2917)** ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന അച്ചടി വകുപ്പിന് പുതിയതായി മെഷീനുകൾ വാങ്ങാൻ തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ;

(ബി) ഈ തുകയ്ക്ക് എന്തൊക്കെതരം മെഷീനുകൾ വാങ്ങാനാണ് തീരുമാനിച്ചിട്ടുള്ളത് ;



LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത മെഷീനുകളുടെ ആവശ്യകതയും ഗുണമേന്മയും ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികൾ ആണ് എടുത്തിട്ടുള്ളത് ;

(ഡി) വാങ്ങുന്ന മെഷീനുകൾ ഉപയോഗപ്രദം ആകത്തക്ക രീതിയിൽ പ്രോജക്ട് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ ;

(ഇ) പ്രസ്തുത പ്രോജക്ട് റിപ്പോർട്ടിൽ വാങ്ങുന്ന മെഷീന്റെ ഗുണമേന്മയേയും ആവശ്യകതയേയും കുറിച്ച് പ്രതിപാദിച്ചിട്ടുണ്ടോ ;

(എഫ്) ഇതുവരെ ഓഫ്സെറ്റ് അച്ചടിക്ക് വാങ്ങിയ മെഷീനുകളിൽ ഏതെങ്കിലും ഉപയോഗശൂന്യമായതോ പ്രവർത്തനപരാതി ഉള്ളതായോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ അത്തരം ബ്രാന്റിലുള്ള മെഷീനുകൾ വാങ്ങാതിരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. രണ്ട് കോടി തൊണ്ണൂറ്റിആറ് ലക്ഷം രൂപ 1999-2000 വർഷത്തേയ്ക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) പ്രിന്റിംഗ് ആന്റ് ഫെർഫോറേറ്റിംഗ് മെഷീനുകൾ, ഇലക്ട്രോണിക് പ്ലെയിൻ പേപ്പർ കോപ്പിയർ, കളർ സ്കാനർ, ഷീറ്റ് ഫേഡ് ഓഫ്സെറ്റ് മെഷീൻ (കളർ), വെബ് ഓഫ്സെറ്റ് മെഷീൻ, ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ, ബൈൻഡിംഗ് മെഷീൻ, ഡി.റ്റി.പി സിസ്റ്റം തുടങ്ങിയവയാണ് വാങ്ങുവാൻ തീരുമാനിച്ചിട്ടുള്ളത്.

(സി) പ്രസ്തുത മെഷീനുകളുടെ ആവശ്യകതയും ഗുണമേന്മയും ഉറപ്പുവരുത്തുന്നതിനായി അച്ചടി വകുപ്പു ഡയറക്ടർ, ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ട്, കേരളാ ബുക്സ് പബ്ലിക്കേഷൻസ് സൊസൈറ്റി പ്രൊഡക്ഷൻ മാനേജർ, തിരുവനന്തപുരം ഗവ. എഞ്ചിനീയറിംഗ് കോളേജ് കമ്പ്യൂട്ടർ വിഭാഗം മേധാവി, സാങ്കേതിക വകുപ്പുജോയിന്റ് ഡയറക്ടർ, അച്ചടി വകുപ്പിലെ ഫിനാൻസ് ഓഫീസർ, തിരുവനന്തപുരം ഗവ. സെൻട്രൽ പ്രസ്സിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ അംഗങ്ങളായ ഒരു വിദഗ്ധസമിതിയെ നിയോഗിച്ചിട്ടുണ്ട്. ഇതിനുപുറമെ മൂന്നുലക്ഷം രൂപയിൽ കൂടുതൽ വിലവരുന്ന മെഷീനുകൾ പർച്ചേസ് ചെയ്യുന്നതിനുള്ള ഉത്തരവ് കൊടുക്കുന്നതിന് ഡിപ്പാർട്ടുമെന്റൽ പർച്ചേസ് കമ്മിറ്റി കൂടി പരിശോധിച്ചതിനുശേഷമാണ്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഓഫ്സെറ്റ് മെഷീനുകളിൽ ഉപയോഗശൂന്യമായവ ഇല്ല. എന്നാൽ ഇവയ്ക്ക് കാലാകാലങ്ങളിൽ വരുന്ന ചെറിയ തകരാറുകൾ റിപ്പയർ ചെയ്യാറുണ്ട്.

(ജി) (എഫ്) പിരിവ് ചോദ്യത്തിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly